നടുവത്തൂർ ഹൈസ്ക്കൂളിലെ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളിലെ നമ്പർ തിരുത്തിയ സംഭവം

1150 [1574] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്ക് നടുവത്തൂർ ഹൈസ്ക്കൂളിൽ പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസുകളിലെ നമ്പർ തിരുത്തിയ സംഭവം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ കൃത്രിമം കാണിച്ചതിനുത്തരവാദികളായവരുടെ പേരിൽ എന്തു നടപടിയെടുത്തു ;

(സി) ഉത്തരവാദികളെ കണ്ടുപിടിക്കുന്നതിന് പോലീസിന്റെ സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരദ്ധ്യാപകനെ ഇതിനോടനുബന്ധിച്ച് സർവീസിൽ നിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

(സി) ഡിപ്പാർട്ടുമെന്റൽ അന്വേഷണം തീരുന്ന മുറയ്ക്കു ആവശ്യമെന്നുകണ്ടാൽ പോലീസിന്റെ സഹായം തേടാവുന്നതാണ്.

പ. മുസ്ലീം വിദ്യാർത്ഥിനികൾക്ക് കഴിഞ്ഞ വർഷം വിതരണം ചെയ്ത സ്കോളർഷിപ്പ്

1151 [1575] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ :
,, സി. ടി. അഹമ്മദ് അലി :
,, കെ. പി. എ. മജീദ് :
,, പി. കെ. കെ ബാവ :
,, പി. കെ. കുഞ്ഞാലിക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുസ്ലീം വിദ്യാർത്ഥിനികൾക്ക് കഴിഞ്ഞ വർഷം എത്ര തുകയുടെ സ്കോളർഷിപ്പാണ് വിതരണം ചെയ്തിട്ടുള്ളത് ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(സി) പല വിദ്യാലയങ്ങളിലും സ്കോളർഷിപ്പ് ലഭിച്ചിട്ടില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എന്തു നടപടി ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ചില പരാതികൾ കിട്ടിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പരാതിക്കാർക്ക് സ്കോളർഷിപ്പിനു് അർഹതയുണ്ടെങ്കിൽ ഉടനടി അതു വിതരണം ചെയ്യണമെന്ന നിർദ്ദേശം ബന്ധപ്പെട്ട ഡപ്യൂട്ടി ഡയറക്ടർമാർക്ക് നൽകിയിട്ടുണ്ട്.

തിരുവനന്തപുരം വെട്ടുകാട് സെൻറ് മേരീസ് ഹൈസ്ക്കൂൾ മൽസ്യ തൊഴിലാളികളുടെ കുട്ടികൾക്ക് നൽകിയ ലംപ്സം ഗ്രാൻറ്

1152 [1579] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം വെട്ടുകാട് സെൻറ് മേരീസ് ഹൈസ്ക്കൂൾ മുഖേന 1983-84, 1984-85, 1985-86 വിദ്യാഭ്യാസ വർഷത്തിൽ മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാൻറ് നൽകിയ തുക എത്ര ;

(ബി) ലംപ്സംഗ്രാൻറ് ഇനത്തിൽ ഈ സ്ക്കൂളിന് അനുവദിച്ച തുകയുടെ കാര്യത്തിൽ ക്രമക്കേട് നടത്തിയതായി വിജിലൻസ് അന്വേഷണത്തിൽ ബോദ്ധ്യമായിട്ടുണ്ടായിരുന്നോ ;

(സി) എങ്കിൽ ക്രമക്കേട് നടത്തിയ ആളുടെ പേരിൽ എന്തു നടപടിയാണ് സ്വീകരിച്ചത്; ഇല്ലെങ്കിൽ കാരണമെന്ത് ?

ഉത്തരം

(എ) 1983-84 സ്ക്കൂൾ വർഷത്തിൽ വെട്ടുകാട് സെൻറ് മേരീസ് ഹൈസ്ക്കൂൾ മുഖേന മൽസ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ലംപ്സം ഗ്രാൻറിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. 1984-85 വർഷത്തിൽ 51253 രൂപ നൽകിയിട്ടുണ്ട്. ഈ സ്ക്കൂൾ വർഷത്തിൽ (1985-86) ലംപ്സംഗ്രാൻറ് നൽകാനുള്ള നടപടി എടുത്തു വരുന്നു.

(ബി) ഉണ്ട്.

(സി) ക്രമക്കേട് നടത്തിയ വെട്ടുകാട് സെൻറ് മേരീസ് ഹൈസ്ക്കൂളിലെ ക്ലാർക്കിൻെറയും പ്രഥമാദ്ധ്യാപകൻെറയും പേരിൽ ശിക്ഷണ നടപടി സ്വീകരിച്ചു വിവരം റിപ്പോർട്ട് ചെയ്യാൻ പ്രസ്തുത സ്ക്കൂൾ മാനേജരോട് വിദ്യാഭ്യാസ ഡറയക്ടർ 12-6-1985-ൽ ആവശ്യപ്പെട്ടിട്ടുണ്ട്.

സ്റ്റാഫ് ഫിക്സേഷനു നിയോഗിച്ചിട്ടുള്ള അദ്ധ്യാപകർ

1153 [1580] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമ്മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷത്തെ സ്റ്റാഫ് ഫിക്സേഷനു് എത്ര അദ്ധ്യാപകരെയാണ് നിയോഗിച്ചിട്ടുള്ളത് ;

(ബി) ഇതിൽ എത്ര പേർ ഫിക്സേഷൽ നടത്തുന്നതിനുള്ള ക്യാമ്പ് ബഹിഷ്ക്കരിച്ചു ;

(സി) ബഹിഷ്ക്കരണത്തോടനുബന്ധിച്ച് എത്ര അദ്ധ്യാപകരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട് ?

ഉത്തരം

(എ) 6242.

(ബി) ക്യാമ്പുകൾ തുടർന്നുകൊണ്ടിരിക്കുന്നു. അവ അവസാനിച്ചാലെ എണ്ണം തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(സി) വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly